**DECEMBER 2023** **U/ID 30729/ULD2A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. ഭീഷ്മപ്രതിജ്ഞ എന്നാലെന്ത്?

2. കർണ്ണനെ മഹാത്മാവെന്ന് വിളിക്കുന്നതിന് കാരണമെന്ത്?

3. ഭീഷ്മരെ വധിക്കാൻ പരശുരാമൻ ചൂണ്ടിക്കാണിക്കുന്ന കാരണമെന്ത്?

4. ദ്രൗപദിയുടെ സ്വഭാവം നിർണ്ണയിക്കുക.

5. ദുര്യോധനൻ, സുയോധനൻ മുതലായ പേരുകൾ അർത്ഥമാക്കുന്നതെന്ത്?

6. അരങ്ങേറ്റവേദിയിൽ മഴയേറ്റുചാഞ്ഞ താമരപ്പൂ പോലെയായ കർണ്ണന് സഹായമായി എത്തിയ ദുര്യോധനന്റെ ആവശ്യമെന്തായിരുന്നു?

7. പളനിയിലേക്കുള്ള യാത്രയെക്കുറിച്ച് കോന്തലയിൽ പ്രതിപാദിക്കുന്നവ എന്തെല്ലാം?

8. പൊട്ടൻ മാണിയുടെ പ്രത്യേകതകൾ വിവരിക്കുക.

9. കരിക്കുറ്റി സ്കൂളിലെ വിശേഷദിനങ്ങളിൽ ഒരെണ്ണത്തെക്കുറിച്ചെഴുതുക.

10. രോഹിണിയുടെ സ്ഥാനം അടയാളപ്പെടുത്തുക.

11. മരണത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനേയും ശ്രദ്ധേയമാക്കുമെന്ന് കോന്തലയുടെ രചയിതാവ് എടുത്തുപറയുന്നു - കാരണമെന്ത്?

12. വയനാടിനെ താഴേ രാജ്യം എന്നു വിളിക്കാനുള്ള കാരണമെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. തലമുറകളിലൂടെ എക്കാലത്തേക്കും നിലനിൽക്കുന്നതാണ് പക എന്ന് അശ്വത്ഥാമാവിന്റെ ജീവിതത്തിലൂടെ ചിത്രീകരിക്കുന്നു - വിശദീകരിക്കുക.

14. മഹാഭാരതത്തിന്റെ വ്യാഖ്യാനമായി ഭാരതപര്യടനത്തെ കാണാനാവുമോ? പരിശോധിക്കുക.

15. എല്ലാ മനുഷ്യരിലെയും നന്മ-തിന്മകളെ എടുത്തുകാണിക്കാൻ മാരാർ ഭാരതപര്യടനത്തിലൂടെ ഉദ്യമിക്കുന്നു - ശരിയോ? അഭിപ്രായമെഴുതുക.

16. കുന്തിയെക്കുറിച്ച് മാരാർ അഭിപ്രായപ്പെടുന്നതെന്ത്?

17. ഭൂഭംഗികൾകൊണ്ട് ബാല്യം വയനാട്ടിൽ കഴിച്ചൊരാളെ നിങ്ങൾക്ക് വിഷമിപ്പിക്കാനാവില്ല - ബാല്യകൗതുകങ്ങളായിത്തീർന്ന വയനാട്ടിലെ കാഴ്ചകളെന്തെല്ലാം? വിശദീകരിക്കുക.

18. ആത്മഹത്യ ചെയ്യുന്നവരോട് അനുഭാവം തോന്നിക്കുന്ന ദൃശ്യത്തെക്കുറിച്ച് എഴുത്തുകാരൻ പറയുന്നു - സന്ദർഭമേത്?

19. വയനാടൻ സംസ്കാരത്തെക്കുറിച്ച് കല്പറ്റ നാരായണന്റെ കാഴ്ചപ്പാടെന്ത്? വിശദമാക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. ധർമ്മബോധം, ആസ്തിക്യബോധം, യുക്തിബോധം, സൗന്ദര്യബോധം ഇവയുടെ പശ്ചാത്തലത്തിലാണ് ഭാരതപര്യടനം പുനർവായനയാകുന്നത് - ഉപന്യസിക്കുക.

21. തനിക്കു ചേർന്നവരോട് മാത്രമേ യുദ്ധം ചെയ്യാവൂ എന്ന നിബന്ധനയോടെ തുടങ്ങിയ യുദ്ധത്തിലുണ്ടായ കൊടുംചതികൾ ഉദാഹരണങ്ങളിലൂടെ വിശദമാക്കുക.

22. രചനാകാലത്തെ ഇന്ത്യയിലെ സംഭവവികാസങ്ങളുമായി മഹാഭാരതത്തിലെ ചില സന്ദർഭങ്ങളെയെങ്കിലും ചേർത്തു കാണുന്നതായി വിലയിരുത്താനാവും - ചർച്ച ചെയ്യുക.

23. വയനാടൻ ജീവിതത്തിന്റെ നേർക്കാഴ്ചകൾ കോന്തലയിൽ കാണാനാവും - പരിശോധിക്കുക.

24. കോന്തലയിലെ ജീവിതസന്ദർഭങ്ങൾ തെരഞ്ഞെടുത്ത് അവതരണത്തിലെ പ്രത്യേകതകൾ ചർച്ച ചെയ്യുക.

---